സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ: sheeba George IAS)

ഉത്തരവ് നം. E1/100789/19

തിരുവനന്തപുരം,
തീയതി. 24/10/2019

വിഷയം : സാമൂഹ്യ നീതി വകുപ്പ് -ജീവനക്കാര്യം -ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് -1 തസ്തികയിലേക്ക് ജൂനിയർസൂപ്രണ്ട് വിഭാഗത്തിൽ നിന്നും ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1.ജി.ഒ.(പി) നം. 23/2010/swd തീയതി.30/03/2010
2.ജി.ഒ.(പി) നം. 77/2012/sjd തീയതി.27/12/2012
3.27/8/2019 ലെ E9/5569/19/DSJ നം ഗസറ്റ് വിജ്ഞാപനം02
4.വനിത ശിശു വികസന ഡയറക്ടറുടെ 23/10/19 ലെ ഇ 1/28413/19 നം കത്ത്

സാമൂഹ്യ നീതി വകുപ്പിൽ പരാമർശം (1) പ്രകാരം 30/03/2010 തീയതി പ്രാബല്യത്തിൽ വന്ന കേരള സോഷ്യൽ വെൽ ഫെയർ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടം കാറ്റഗറി 8 ൽ ഉൾപ്പെടുന്ന സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ്-1/ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ് മാസ്റ്റർ ഗ്രേഡ്-1 /മേഖല സ്ത്രീധന നിരോധന ഓഫീസർ എന്നീ തസ്തികകളിലെ നിയമനം പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച വിശേഷാൽ ചട്ട ഭേദഗതി പ്രകാരം 1:2:1 എന്ന അനുപാതത്തിൽ വിവിധ ഫീഡർ കാറ്റഗറികൾക്കായി നിജപ്പെടുത്തിയിട്ടുണ്ട്.

2) ഇതിൽ രണ്ടാം ഫീഡർ കാറ്റഗറിയായ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്ന് ഉദ്യോഗക്കയറ്റം അനുവദിക്കേണ്ട 18 തസ്തികകളിൽ ഒഴിവുള്ള 15 തസ്തികകളിലേയ്ക്ക് ഓപ്ഷൻ സമർപ്പിച്ചിരുന്ന 5 ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം അനുവദിക്കുന്നതിന് ലോവർ ഡി.പി.സി തയ്യാറാക്കിയ സെലക്ട് ലിസ്റ്റ് പരാമർശം (3) പ്രകാരം സർക്കാർ അംഗീകരിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

3) തൃശ്ശൂർ ചിൽഡ്രൻസ് ഹോമിൽ സൂപ്രണ്ട് ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ.സജീവിന് സാമൂഹ്യനീതി ഡയറക്ടറുടെ 31.8.2019 ലെ E1/3601/19 നമ്പർ ഉത്തരവിൻ പ്രകാരം സ്ഥലംമാറ്റം അനുവദിച്ച നടപടി റദ്ദ് ചെയ്യണമെന്ന് പരാമർശം (4) ലെ കത്തിലൂടെ വനിത ശിശു വികസന ഡയറക്ടർ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവിലെ ജീവനക്കാരന്റെ സ്ഥലംമാറ്റം മാത്രം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ഭേദഗതിയോടെ പ്രസ്തുത ഉത്തരവ് നിലനിൽക്കുന്നതാണ്.

4) ഈ സാഹചര്യത്തിൽ പരാമർശിത സെലക്ട് ലിസ്റ്റിലെ ചുവടെ പറയുന്ന 5 ജീവനക്കാർക്ക് ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-1 സമാന തസ്തികകളിൽ കെ.എസ്.& എസ്.എസ്.ആർ ചട്ടം 28 എ (1) പ്രകാരം (35700-75600) രൂപ ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി ചുവടെ അവരവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള ക്ഷേമസ്ഥാപനങ്ങളിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉദ്യോഗക്കയറ്റം

| ക്രമ നം | ജീവനക്കാരന്റെ പേര്,തസ്തിക, ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന കാര്യാലയം തസ്തിക |
|---|---|---|
| 1 | അംബിക കുമാരി.എ.കെ<br>പെൻ നം.211943<br>ജൂനിയർ സൂപ്രണ്ട്<br>ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസ്<br>തിരുവനന്തപുരം അർബൻ I | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് I<br>ഗവ.ഓൾഡേജ് ഹോം എറണാകുളം |

| | | |
|---|---|---|
| 2 | വിജയകുമാർ.കെ<br>പെൻ നം.211946<br>ജൂനിയർ സൂപ്രണ്ട്<br>ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസ്<br>ഇത്തിക്കര. | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് I<br>ഗവ.സ്പെഷ്യൽ ഹോം&ചിൽഡ്രൻസ് ഹോം<br>തിരുവനന്തപുരം<br>(അനുകമ്പാർഹം- ചലനശേഷി കുറഞ്ഞ കുട്ടിയുടെ പിതാവ് ) |
| 3 | ജാഫർ ഖാൻ.എസ്<br>പെൻ നം.725822<br>ജൂനിയർ സൂപ്രണ്ട്<br>സാമൂഹ്യ നീതി ഡയറക്ടറേറ്റ് | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് I<br>ഗവ.വൃദ്ധ മന്ദിരം പത്തനംതിട്ട |
| 4 | മനോഹരൻ.എൻ<br>പെൻ നം.213638<br>ജൂനിയർ സൂപ്രണ്ട്<br>ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസ്<br>അഴുത അഡീഷണൽ | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് I<br>ഗവ.ആഫ്റ്റർ കെയർ ഹോം കണ്ണൂർ |
| 5 | ജലജ കുമാരി.കെ.എസ്<br>പെൻ നം.213675<br>ജൂനിയർ സൂപ്രണ്ട്<br>ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസ്<br>ദേവികുളം അഡീഷണൽ | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് I<br>ഗവ.വൃദ്ധ മന്ദിരം കണ്ണൂർ |

5) വനിത ശിശു വികസന ഡയറക്ടറേറ്റിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ച് വരുന്ന ക്രമ നം രണ്ടാമതായുള്ള ശ്രീ .കെ.വിജയകുമാറിന്റെ ജോലി ക്രമീകരണ വ്യവസ്ഥ നിയമനം വനിത ശിശു വികസന ഡയറക്ടർ അവസാനിപ്പിച്ച് ഉത്തരവാകേണ്ടതാണ്.

6) മേൽ പരാമർശിച്ച പ്രകാരം ഉദ്യോഗക്കയറ്റം നൽകുമ്പോൾ 2012 കാറ്റഗറി 8 ലെ ഓരോ വിഭാഗത്തിലേയും കേഡർ സ്ട്രെങ്ത് ,നിലവിലുള്ള ജീവനക്കാർ ,നിലവിലുള്ള ഒഴിവുകൾ എന്നിവ അടങ്ങുന്ന വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫീഡർ കാറ്റഗറിയുടെ പേര് | കേഡർ സ്ട്രെങ്ത് | നിലവിലെ സ്ഥിതി | ഒഴിവുകൾ |
|---|---|---|---|---|
| 1 | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II | 10 | 10 | 0 |
| 2 | ജൂനിയർ സൂപ്രണ്ട് | 18 | 9 | 9 |
| 3 | ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ് മാസ്റ്റർ ഗ്രേഡ് II/ സോഷ്യൽ സയന്റിസ്റ്റ്/ സൂപ്പർവൈസർ വി.ടി.സി | 9 | 5 | 4 |

7) ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടയിരിക്കും. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃത പ്രവേശന കാലത്തിനും യാത്രബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

8) ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ കാര്യാലയ മേധാവികൾ വിടുതൽ ചെയ്യേണ്ടതും ജീവനക്കാരൻ/ജീവനക്കാരി യഥാസമയം രേഖാമൂലം ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. ജീവനക്കാരുടെ വിടുതൽ പ്രവേശനം ചുമതല കൈമാറ്റം എന്നിവ സംബന്ധിച്ച റിപ്പോർട്ട് കാര്യാലയ മേധാവികൾ അയച്ചു തരേണ്ടതാണ്.

(ഒപ്പ്)
സാമൂഹ്യ നീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:-
1.ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
2.അക്കൌണ്ടന്റ് ജനറൽ തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
3.വനിത ശിശു വികസന ഡയറക്ടർ
4.ജില്ല സാമൂഹ്യ നീതി ഓഫീസർ/പ്രോഗ്രാം ഓഫീസർമാർക്ക്
5.സൂപ്രണ്ട് ഐ.ടി സെക്ഷൻ (വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)
6.ഡയറക്ടറുടെ സി.എ യ്ക്ക്
7.സ്റ്റോക്ക് ഫയൽ /സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്